STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.545/PR/SPMC/PHQ/2020 Date :09.10.2020

**തുലാമാസപൂജ: ശബരിമലയിലെ സുരക്ഷാക്രമീകരണങ്ങൾ പൂർത്തിയായി**

ശബരിമലയിൽ തുലാമാസപൂജയും ദർശനവുമായി ബന്ധപ്പെട്ട സുരക്ഷാക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. കെ. എ.പി അഞ്ചാം ബറ്റാലിയൻ കമാൻഡന്റ് കെ.രാധാകൃഷ്ണനെ പോലീസ് സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചു. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയും കെ.എ.പി മൂന്നാം ബറ്റാലിയൻ കമാൻഡന്റും അദ്ദേഹത്തെ സഹായിക്കും.

വിർചൽ ക്യൂ സംവിധാനം ശനിയാഴ്ച്ച രാത്രിയോടെയോ ഞായറാഴ്ച രാവിലെയോ പ്രവർത്തനക്ഷമമാകും. ഒറ്റത്തവണയായയി 250 ൽ അധികം പേർക്ക് സന്നിധാനത്തിലേയ്ക്ക് പ്രവേശനം അനുവദിക്കില്ല. വടശ്ശേരിക്കര, എരുമേലി പാതയിലൂടെ മാത്രമേ പ്രവേശനം അനുവദിക്കൂ. മറ്റ് പാതകൾ അടയ്ക്കും. പമ്പാനദിയിൽ സ്നാനം അനുവദിക്കില്ല. തീർത്ഥാടകരും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ഉൾപ്പെടെ ആർക്കുംതന്നെ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കില്ലെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

********************************